പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3285 — 9/04/2013 ൽ മറുപടിയ്ക്ക്

## കേരള ഫ്യൂച്ചർ സ്കൂൾസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി. മുഹമ്മദ് :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. ആർ. ശെൽവരാജ് :<br>ശ്രീ. എ.റ്റി. ജോർജ് : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) 'കേരള ഫ്യൂച്ചർ സ്കൂൾസ്' സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;<br><br>ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശം നൽകുമോ ; | (എ) ഏ (ബി) 12-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ഓരോ ജില്ലകളിലേയും സർക്കാർ സ്കൂളുകളെ ആധുനീകരിച്ച് അന്തർ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ഈ പദ്ധതി വിഭാവനം ചെയ്യുന്നു. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, വിദ്യാഭ്യാസ മേഖലയിൽ ഭരണ പരിഷ്കാരങ്ങൾ ആരംഭിക്കുക, വിദ്യാഭ്യാസ മേഖലയിലെ പുരോഗതി, കാലാകായിക വിനോദങ്ങളിലും, വിവര സാങ്കേതിക വിദ്യയിലൂടെയും, പലതരം നൈപുണ്യം വികസിപ്പിച്ചെടുക്കുക വഴി ജീവിത നിലവാരം മെച്ചപ്പെടുത്തുക തുടങ്ങിയ പരിപാടികളാണ് ഉദ്ദേശിക്കുന്നത്. |
| സി) സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും ഇതിനായി വിഭവസമാഹരണം നടത്തുവാനും എന്തെല്ലാം കാര്യങ്ങളാണ് ഈ പരിപാടിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് ; വിശദമാക്കുമോ ? | (സി) അന്തർദേശീയ നിലവാരത്തിലേയ്ക്ക് സർക്കാർ സ്കൂളുകളെ ഉയർത്തുന്നതിനായി വിശാലമായ കെട്ടിടങ്ങൾ, ആഡിറ്റോറിയം, നന്നായി സജ്ജീകരിച്ച ഭക്ഷണ മുറികൾ ലൈബ്രറി, എല്ലാ സംവിധാനങ്ങളോടും കൂടിയ ലാബോറട്ടറികൾ (ഐ.ടിയും, ഭാഷാലാബുകളും ഉൾപ്പെടെ) കായികം, കളരി, ആർട്ട്സ് മുറികൾ/ഹാളുകൾ ഭക്ഷണ ശാലകൾ കാര്യനിർവ്വഹണത്തിനുള്ള കെട്ടിടങ്ങൾ കൂടാതെ ഫുട്ബോൾ, ബാസ്ക്കറ്റ് ബോൾ, ക്രിക്കറ്റ്, ടെന്നീസ്, ബാഡ്മിന്റൺ കോർട്ടുകൾ, - കായിക വിനോദങ്ങൾക്കുള്ള കളിസ്ഥലങ്ങൾ ചുറ്റുമതിലോടുകൂടിയ സ്ഥാന വലിപ്പമുള്ള പ്രവേശനസ്ഥലം, നീന്തൽ കുളങ്ങൾ തുടങ്ങിയവയുടെ |

ആവശ്യകതയുണ്ട്. ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ആർ.എം.എസ്.എ., എസ്.എസ്.എ, സീമാറ്റ്, എസ്സ്.ഐ.ഇ.റ്റി, എസ്.സി.ഇ.ആർ.ടി., ഐറ്റി@സ്കൂൾ തുടങ്ങിയ ഏജൻസികളുടെ സഹകരണം ആവശ്യമാണ് കൂടാതെ എം.എൽ.എ, എം.പി. ഫണ്ടുകളും വിനിയോഗിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ